# മുസ്ലീം സ്ത്രീ : ശരീരം, സമൂഹം.

**സബീനാ ഭാനു.എം**
ഗവേഷക, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി.

സാമൂഹികത നേരിട്ടുപ്രവർത്തിക്കുന്ന ഇടങ്ങളിലൊന്ന് 'ശരീര' മാണ് അതിന്റെ വ്യവസ്ഥകളിലൂടെയാണ് സാമൂഹികതയും ചിട്ട പ്പെടുത്തപ്പെടുന്നത്. മറിച്ചും പറയാം. ഇത്തരം ചിട്ടപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ് 'സമൂഹം' നിലനിന്നുവരുന്നതും. സാമൂഹിക മാറ്റങ്ങളുടെയെല്ലാം പിന്നിൽ ഏതെങ്കിലും ഒരു ഘടകമായി അത് പ്രവർത്തിക്കുകയും ചെയ്യുന്നു. ശരീരമെന്നത് കേവലമായ ഭൗതികത യിലൂന്നിയ മൂർത്ത വസ്തുവല്ലെന്നും അതിന് പ്രത്യയശാസ്ത്രപരമെന്നോ സാമൂഹികമെന്നോ സാംസ്കാരികമെന്നോ ഒക്കെ വിവക്ഷിക്കാവുന്ന ഒരുപാടു തലങ്ങളുണ്ടെന്നും അല്ലെങ്കിൽ അതെല്ലാം കൂടിച്ചേർന്നതാണ് 'ശരീര'മെന്നും സമകാലികമായി നടക്കുന്ന പഠനങ്ങളിൽ കാണാം. ഇന്ന് തത്വശാസ്ത്രരംഗത്തും സാമൂഹിക സാംസ്കാരിക രംഗത്തും ഒട്ടേറെ പഠനങ്ങൾ 'ശരീര' കേന്ദ്രിതമായി വരുന്നുണ്ട്. അത്തരം പഠനങ്ങളുടെ യെല്ലാം വീക്ഷണങ്ങൾ പലതാണെങ്കിലും പൊതുവായി പങ്കുവെയ്ക്കുന്ന ഒരു ആശയം 'ശരീര'മെന്നത് ഒരു 'നിർമ്മിതി'യാണ് എന്നു തന്നെ യാണ്.[1]

നവോത്ഥാന, ആധുനിക ചിന്താപദ്ധതികളെ വിമർശനവിധേയമാ ക്കിക്കൊണ്ടു കൂടിയാണ് സമകാലിക വൈജ്ഞാനിക മേഖല അതിന്റെ സ്ഥാനം കണ്ടെത്തുന്നത്. ആധുനിക ചിന്താപദ്ധതിയുടെ ഭാഗമായി രൂപമെടുത്ത ഫെമിനിസ്റ്റ് ചിന്തകളും ചർച്ചയ്ക്കെടുക്കാതിരുന്ന വിഷയ ങ്ങളിലൊന്ന് മുസ്ലീം സ്ത്രീ നിർവാഹകത്വത്തെ സംബന്ധിച്ചുള്ളതാണ്. 'പൊതു'സമൂഹവും ഫെമിനിസ്റ്റ് ചിന്താപദ്ധതികളും ഒരേസമയം അടിച്ചമർത്തപ്പെട്ട ഒരു വിഭാഗമായി പരിഗണിച്ചു വന്ന കൂട്ടമാണ് മുസ്ലീം സ്ത്രീകൾ. മുസ്ലീം സ്ത്രീ വിമോചനത്തെക്കുറിച്ചുള്ള ചർച്ചകൾ

അതുകൊണ്ടുതന്നെ ഫെമിനിസ്റ്റ് ചിന്താപദ്ധതിയുടെപോലും അടിത്തറയായി വർത്തിച്ചു. മുസ്ലീം സ്ത്രീകൾ നിർവാഹകത്വമില്ലാത്തവരാണ് എന്ന ഒരു തീർപ്പു കല്പനയുടെ അടിസ്ഥാനത്തിൽ പർദ്ദയുള്ളിലെ ഉഷ്ണങ്ങളെക്കുറിച്ചുള്ള ചിന്തകൾ സമകാലികമായും ഉയർന്നുവരുന്നു.

മുസ്ലീം സ്ത്രീശരീരമെന്നത് കേവല ഉപഭോഗവസ്തു എന്നനിലയിൽ പരിഗണിക്കപ്പെട്ടു വരുന്നതെങ്ങനെ എന്ന പഠനം എത്രയെങ്കിലുമുണ്ട്. എന്നാൽ മുസ്ലീം സ്ത്രീ ശരീരത്തെക്കുറിച്ചുള്ള ചർച്ചകൾ അധികാരവിധേയത്വ ചർച്ചകളിലേക്ക് ചുരുങ്ങിക്കാണാറാണ് പതിവ്. മുസ്ലീം സ്ത്രീശരീരം സാമൂഹികമായി നിർമ്മിക്കപ്പെടുന്നതെങ്ങനെ എന്ന അന്വേഷണമാണ് ഈ ലേഖനത്തിൽ നടത്താൻ ശ്രമിക്കുന്നത്.അധികാരമുള്ള, നിർവാഹകത്വമുള്ള ഒരു ശരീരഘടന എന്ന നിലയിൽ മുസ്ലീം സ്ത്രീ ശരീരത്തെ കാണുന്ന പഠനങ്ങൾ വിരളമായിരിക്കും. നമ്മുടെ ഫെമിനിസ്റ്റ് ചിന്തകളും മുസ്ലീം സ്ത്രീ ശരീരത്തെ വിമോചനത്തിനു കാത്തുനിൽക്കുന്ന വസ്തുവെന്ന നിലയിലാണ് പരിഗണിക്കുന്നതെന്ന് അത്തരം പഠനങ്ങളുടെ സൂക്ഷ്മവിശകലനത്തിലൂടെ മനസിലാക്കാൻ സാധിക്കും. ഇസ്ലാമിക് ഫെമിനിസ്റ്റുകൾ പൊതുവെയും, മലയാളത്തിൽ ജെ.ദേവിക, ബി.എസ്.ഷെറിൻ, ഷംഷാദ്ഹുസൈൻ തുടങ്ങിയവർ സവിശേഷമായും ഇത്തരം അന്വേഷണങ്ങൾ നടത്തിയവരാണെന്നത് ശ്രദ്ധയാകർഷിക്കുന്ന വസ്തുതയാണ്.

മുസ്ലീം സ്ത്രീകൾ വിധേയത്വ ശരീരം പേറുന്നവരാണ് എന്ന മുറവിളി അവസാനിക്കേണ്ടതായിട്ടുണ്ട് ആധുനികതയുടെ ബൃഹദാഖ്യാനങ്ങളും ഏറെക്കുറെ ഈ ധാരണ പങ്കുവെച്ചവയാണ്. മൈമൂനയെപ്പോലെ ശരീരത്തിന്റെ ആനന്ദാതിരേകങ്ങൾ ആസ്വദിച്ച കഥാപാത്രങ്ങൾ നമ്മുടെ സാഹിത്യലോകത്തും കുറയും. നവോത്ഥാന സാഹിത്യത്തിൽ (നോവൽ) 'ഉമ്മാച്ചുവിനെപോലെയുള്ള ശക്തമായ കഥാപാത്രങ്ങൾ വിരളമായേ കാണുകയുള്ളൂ. നവോത്ഥാന സാഹിത്യത്തിൽ വേറിട്ട ശബ്ദം കേൾപ്പിച്ചു നടക്കുന്ന സ്ത്രീകൾ കുറവാണ്. മുസ്ലീം സ്ത്രീസമൂഹത്തെ ആധുനികതയിലേക്കെത്താത്ത ഒരു വിഭാഗമായാണ് ബഷീറും പരിഗണിക്കുന്നത്. അതുകൊണ്ടുതന്നെ ബഷീറിന്റെ എഴുത്തുകൾ മുസ്ലീം സമൂഹത്തെ അടിമുടി വിമർശന വിധേയമാക്കുന്നു. ഇതിനിടയ്ക്ക് വേണ്ടത്ര മനസിലാക്കപ്പെടാതെ പോയ ഇടങ്ങൾ മുസ്ലീം സ്ത്രീയെക്കുറിച്ചുള്ള വാർപ്പുമാതൃക നിർമ്മാണത്തിനുതകി എന്നും കാണാം. തീർച്ചയായും നവോത്ഥാനആധുനികസാഹിത്യവും രചയിതാക്കളും കേരളത്തിലെ സാംസ്കാരികാന്തരീക്ഷത്തെ പോഷിപ്പിച്ചത് കുറച്ചൊന്നുമല്ല.

ശരീരപഠനത്തിന്റെ മേഖലയിൽ മുസ്ലീംസ്ത്രീയെക്കുറിച്ചുള്ള പഠനങ്ങളെല്ലാം ബഹുഭാര്യാത്വത്തിന്റെ ഇര എന്ന തരത്തിലൊതുങ്ങുകയോ തികച്ചും ദൂണാത്മകമായ അന്തരീക്ഷത്തിൽ ജീവിക്കുന്ന ആളുകൾ എന്നനിലയ്ക്ക് വായിക്കപ്പെടുന്നതോ ആയി കാണാം. നിലനില്ക്കുന്ന ധാരണകളെ ഉറപ്പിക്കുന്ന തരത്തിലല്ലാതെ വിമർശനാത്മക യുക്തിയിൽ അവയെ സമീപിക്കുന്നവ തീരെ കുറവായിരിക്കും. പർദ്ദചുറ്റിയ മുസ്ലീം സ്ത്രീ അടിമത്തത്തിന്റെ പ്രതീകം എന്ന നിലയിലാണ് അവതരിപ്പിക്കപ്പെടുന്നത്. പൗരോഹിത്യം, മത അച്ചടക്കത്തിന്റേയും മതാംഗീകാരത്തിന്റെയും സദാചാരത്തിന്റെയും 'ദീനി'ന്റെയും 'തഖ്‌വ'യുടെയും ഒക്കെ ചിഹ്നമായതിനെ കാണുമ്പോൾ മറ്റൊരു വിഭാഗം അടിച്ചമർത്തലിന്റെയും അസ്വാതന്ത്ര്യത്തിന്റെയും അംഗീകാരമില്ലായ്മയുടെയും പ്രാകൃതത്വത്തിന്റെയും ഒക്കെ വെളിപ്പടലായി അതേ ബിംബത്തെ ഉപയോഗിക്കുന്നു. ഈ രണ്ടു രീതികളിൽ മാത്രമാണോ അതിനെ നോക്കികാണാനാവുക. ഇതല്ലാതെ, മൂന്നാമതൊരു ഇടം അല്ലെങ്കിൽ ഇവയ്ക്കിടയിലൊരു കർതൃത്വം മുസ്ലീം സ്ത്രീകൾക്ക്, പർദ്ദധരിച്ച മുസ്ലീം സ്ത്രീകൾക്ക് ഇല്ലേ. എന്നന്വേഷിക്കേണ്ടതാവശ്യമാണ്. പർദ്ദ ധരിച്ച മുസ്ലീം സ്ത്രീകളെ അന്വേഷ്യത്തോടുകൂടി നോക്കുന്ന എത്രയെങ്കിലും സന്ദർഭങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്ന സ്ത്രീകൾ സമകാലികമമായുണ്ട്. തികച്ചും നിഷ്കളങ്കമായുള്ളതോ സ്വയമറിയാതെ ഉയരുന്നതോ ആയ ഒരു വിധികല്പനയല്ല മറിച്ച് സമൂഹത്തിന്റെ നിർമിതാവസ്ഥയ്ക്കുള്ളിൽ നിന്നുയരുന്നതാണിത്. അത് ചരിത്രപരമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള അപരത്വത്തെക്കുറിച്ചുള്ളതാണത്.

യഥാർഥത്തിൽ ആരാണ് മുസ്ലീം സ്ത്രീ? അവർ നിർവാഹകത്വമില്ലാത്ത വെറും ജഡവ്യക്തിത്വങ്ങളാണോ? അവരുടെ ഇടപെടലുകളൊന്നും ചരിത്രത്തിൽ നടന്നിട്ടില്ലേ? പുരുഷാധിപത്യവും പൗരോഹിത്യവും അടിച്ചമർത്തിയ കഥ മാത്രമാണോ അവർക്ക് പറയാനുണ്ടാകുക? എന്നീ ചോദ്യങ്ങൾ ചരിത്രത്തോടു ചോദിക്കേണ്ടതായിട്ടുള്ള നിർബന്ധിതാന്തരീക്ഷത്തിലാണ് നാമിന്നു നില്ക്കുന്നത്. അവയ്ക്കെല്ലാം ഉത്തരം ചരിത്രവസ്തുതകൾ നല്കുമെന്നതിലും സംശയമില്ല. 'പൊതു'ധാരണയെ തിരുത്തിയെഴുതാൻ തക്ക കെല്പുള്ള വസ്തുതകൾ തീർച്ചയായും എത്രയെങ്കിലുമുണ്ട്.

സാമൂഹിക നിർമിതിയിൽ സ്ത്രീകളുടെ സ്ഥാനം ഒഴിച്ചുകൂടാനാവാത്തതാണെന്ന ബോധ്യം നമ്മുടെ നവോത്ഥാനചിന്തകൾ പങ്കുവെയ്ക്കുന്നുണ്ട്. എന്നാൽ മെരുക്കിക്കൊണ്ടുമാത്രം അംഗീകരിക്കേണ്ട ഒന്നാണ്

സ്ത്രീകർത്തൃത്വവും എന്ന ബോധം തന്നെയാണ് കേരള നവോത്ഥാന ചിന്തയെയും നയിച്ചിരുന്നത്. മറ്റേതൊരു നവോത്ഥാന പ്രസ്ഥാനവും എന്നതുപോലെ മുസ്ലിം സമുദായത്തിന്റെ നവീകരണ പരിശ്രമങ്ങളിലും മുൻനിരയിൽ നിന്നത് പുരുഷൻമാരാണ്. അതുകൊണ്ടുതന്നെ പങ്കുവെയ്ക്കപ്പെട്ട വീക്ഷണങ്ങളും അവരുടേതായിരുന്നു. മത 'തഖ്‌വ' യനുസരിച്ച് മുസ്ലീംകൾ ജീവിക്കേണ്ടതിന്റെ ആവശ്യം നവോത്ഥാനായകർ ഉറപ്പിച്ചു പറയുന്നുണ്ട്. മാത്രമല്ല വിദ്യാഭ്യാസത്തിനു പ്രധാന്യം നല്കുന്നതോടൊപ്പം മതത്തിലെ അനാചാരങ്ങളെ ഉപേക്ഷിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. മുസ്ലീം സ്ത്രീ ശരീരത്തെ മെരുക്കിക്കൊണ്ടുള്ള ഒരു നിലപാടാണ് ഇവിടെ സാമൂഹിക പരിഷ്കർത്താക്കളും സ്വീകരിക്കുന്നത്.

മെരുക്കപ്പെട്ട വിധേയശരീരങ്ങൾ എന്ന നിലയ്ക്കാണ് മുസ്ലീം സ്ത്രീത്വ ശരീരങ്ങളെ എപ്പോഴും ഉയർത്തിക്കാണിക്കാറുള്ളത്. പർദ്ദയിൽ മൂടിയ ശരീരങ്ങൾ അസ്വാതന്ത്ര്യത്തിന്റെ സഹിഷ്ണതയുടെ അടിമത്തത്തിന്റെ പ്രതീകം എന്ന നിലയിൽ വ്യാപകമായി ഉയർത്തിക്കാണിക്കാറുണ്ട്. 9/11നുശേഷം അവയ്ക്ക് ഒരു സ്ഥാപിതാർഥം തന്നെ കൈവന്നു. മുസ്ലീം സ്ത്രീകളെക്കുറിച്ചുള്ള ആഗോള കാഴ്ചപ്പാടുതന്നെയായിമാറി ഇത്. Engendering Individuals എന്ന പുസ്തകത്തിൽ ജെ.ദേവിക ഇങ്ങനെ അഭിപ്രായപ്പെടുന്നുണ്ട്. നമ്മുടെ ചരിത്രം നോക്കിയാൽ കാണാം ജാതിമത ശരീരങ്ങളെ അതാക്കി നിർത്തുന്നതിൽ വസ്ത്രങ്ങൾക്കുള്ള സ്ഥാനം, എന്നു മാത്രമല്ല ആധുനിക പരിഷ്കൃത സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ വസ്ത്രം എങ്ങനെ പ്രവർത്തിച്ചുവെന്നും അവർ വിശകലനം ചെയ്യുന്നുണ്ട്.[2] വസ്ത്രം കേവലമായ ഒരു ഉപാധി എന്ന നിലയിൽ മാത്രം ഉപയോഗിക്കുന്ന ഒന്നല്ല. തീർച്ചയായും അത് രാഷ്ട്രീയപരമാണ്. മേൽമുണ്ട് സമരം മുതൽ നവോത്ഥാന കേരളത്തിൽ നടന്ന പല കലാപങ്ങൾക്കും വസ്ത്രം അടിസ്ഥാനമായിട്ടുണ്ട്. 'Burn Bra' സമരത്തെ അത്രയും രാഷ്ട്രീയപരമായ നീക്കമായാണ് കാണേണ്ടത്.

പർദ്ദധരിച്ച മുസ്ലീം സ്ത്രീശരീരത്തെ ആധുനികീകരിക്കപ്പെടാത്ത വിധേയശരീരമായാണ് പരിഗണിക്കപ്പെട്ടുവന്നതെന്നും കാണാം. 'പരിഷ്കൃത' വസ്ത്രങ്ങളുടെ വിഭാഗത്തിൽ മുസ്ലീം വസ്ത്രങ്ങൾ വരാത്തിടത്തോളം അതുപയോഗിക്കുന്ന ജനസമൂഹവും ആധുനികതയ്ക്കു പുറത്താകുന്നു. സ്ത്രീവാദ പഠനങ്ങളാണ് പലതലങ്ങളിലായി മറഞ്ഞുകിടന്നിരുന്ന ശരീരപഠനങ്ങളെ ഒരുരാഷ്ട്രീയ വ്യവസ്ഥയെന്നനിലയിൽ തിരിച്ചറിഞ്ഞു പഠനംനടത്തുന്നത്. എന്നാൽ ഇത് പുതിയ അനുഭവമല്ല. മുസ്ലീം നവോത്ഥാന ചിന്തയിൽത്തന്നെ ഹലീമാ ബീവിയെപ്പോലുള്ളവർ

ഇതിനെ പ്രശ്നവത്കരിക്കുന്നുണ്ട്. ദേവികയും ഷംഷാദ് ഹുസൈനു മെല്ലാം അത് ചൂണ്ടിക്കാട്ടിയതാണ്. ജെ.ദേവികയുടെ ചരിത്രാന്വേ ഷണങ്ങളിലാണ് നവോത്ഥാനഘട്ടത്തിൽ പ്രവർത്തിച്ച മുസ്ലിം സ്ത്രീ കളെക്കുറിച്ചുള്ള അറിവു ലഭിക്കുന്നത്. ഹലീമാ ബീവിയെപ്പോലുള്ള, ആയിഷാമ്മയിനെപ്പോലുള്ള ശക്തരായ സ്ത്രീകളെ കേരളീയ പൊതു സമൂഹത്തിനു മുൻപിൽ അവതരപ്പിക്കുന്നത് ദേവികയാണ്. ശക്തരായ സ്ത്രീകൾ എന്ന നിലയിലാണ് അവർ അവതരിപ്പിക്കപ്പെടുന്നതും. 'നില യില്ലാതൊഴുകുന്ന' ശരീരങ്ങൾ എന്ന നിലയിൽ മുസ്ലീം സ്ത്രീ ശരീരത്തെ മനസ്സിലാക്കി വന്നതിന്റെ അനൗചിത്യം ദേവിക സൂചിപ്പിക്കുന്നുമുണ്ട്. ഷംഷാദ് ഹുസൈന്റെ പഠനങ്ങളിലും നിലനിൽക്കുന്ന ധാരണകളിൽ നിന്നും വ്യത്യസ്തമായ എത്രയെത്രയോ വ്യക്തിത്വങ്ങളെ അവരും അവത രിപ്പിക്കുന്നുണ്ട്. മതപഠനങ്ങളുടെ ഇടയിൽ പോലും അംഗീകരിക്കപ്പെട്ട എത്രയോ സ്ത്രീ വ്യക്തിത്വങ്ങൾ സ്ത്രീകൾക്ക് അസ്പൃശ്യത കല്പിക്കുന്നു എന്ന് പറയുന്ന ഇടങ്ങളിലെല്ലാം സ്ത്രീകൾ ഉണ്ടായിരുന്നു എന്നതിന് എത്രയോ തെളിവുകൾ നിരത്തുന്നു. തന്റെ പുസ്തകങ്ങളിൽ പാട്ടുകെട്ടുന്ന സ്ത്രീകൾ മുതൽ ആരാധിക്കപ്പെടുന്ന ഖബറിടങ്ങളിലെ സ്ത്രീകൾ വരെയുള്ളവരെ അവർ ചർച്ചയ്ക്കെടുക്കുന്നു.

### മുസ്ലീം സ്ത്രീ: ശരീരം, ആഖ്യാനം

മുസ്ലീം സ്ത്രീശരീരത്തെക്കുറിച്ച് നിലനിന്നുപോരുന്ന സാമൂഹിക ധാരണ അത് മറയ്ക്കപ്പെട്ടതാണെന്നതും അടിച്ചമർത്തപ്പെട്ട, എന്നാൽ നിർബന്ധിത, ലൈംഗികത പേറുന്നതാണെന്നും എല്ലാമാണിത്. ബഹു ഭാര്യാത്വത്തിനു വഴങ്ങുന്നവൾ, ആ മുറയ്ക്ക് തന്റെ ശരീരത്തെ മെരുക്കിയെ ടുക്കുന്നവൾ എന്നെല്ലാമുള്ള ധാരണകളെ ഊട്ടിയുറപ്പിക്കാൻ അത്തരം ഒരു സാമൂഹികതയെ നിർമ്മിച്ചെടുക്കാൻ ബോധപൂർവകമായ ശ്രമങ്ങളും നടന്നു വരുന്നുണ്ടെന്നു മനസ്സിലാക്കാൻ വിഷമമില്ല. നിയമ വ്യവസ്ഥയ്ക്കു മുന്നിലെ മുത്തലാഖ് വിധിയുൾപ്പെടെയുള്ളവ ഇതിനുദാഹരണമാണ്. മുസ്ലീം സാമൂഹിക പരിഷ്കർത്താക്കൾ സ്ത്രീ വിദ്യാഭ്യാസത്തിനു നൽകേണ്ട പ്രാധാന്യത്തെക്കുറിച്ച് വീണ്ടുംവീണ്ടും ഉറപ്പിച്ചപ്പോഴും സ്ത്രീകൾ ജോലി യെടുക്കേണ്ടതിന്റെ ആവശ്യം ആയിഷാമായനെപ്പോലുള്ളവർ പറയു മ്പോഴും സ്ത്രീയെ ഒരു സത്തയെന്ന നിലയിലാണ് കാണുന്നത്. മുസ്ലീം സ്ത്രീനവോത്ഥാനത്തിന്റെ ഭാഗമായി ഉയർന്നു കേൾക്കുന്ന ആയിഷാമാ യനെയും, ഹലീമാ ബീവിയെയും പോലുള്ളവർ പോലും സാമുദായിക പരിഷ്കരണമാണു വേണ്ടതെന്ന നിലയ്ക്ക് ചിന്തിച്ചവരാണ്. (20:187-195)

ശിരോവസ്ത്രത്തെക്കുറിച്ചും മതപഠനത്തെക്കുറിച്ചും ഹലീമ ബീവി യെപ്പോലുള്ളവർക്ക് എതിരഭിപ്രായമില്ലതാനും ഹലീമ ബീവി തന്റെ സ്വാഗത പ്രസംഗത്തിൽ പൊതുവായി പറയുന്ന പല കാര്യങ്ങൾക്കും ശരീരവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ ഉപയോഗിക്കുന്നതുകാണാം. 'തൊട്ടിലാട്ടുന്ന കൈതന്നെയാണ് വിഷ്ടപം ഭരിക്കുന്ന' തെന്നുള്ള വസ്തുത നിങ്ങൾ ഒരിക്കലും മറന്നുകളയാവുന്നതല്ല. വിജ്ഞാനസമ്പന്നരും പരിഷ്കൃതാശയന്മാരുമായ പൗരന്മാർ ഉണ്ടാകണമെങ്കിൽ അവർ പാനം ചെയ്യുന്ന സ്തന്യാമൃതത്തിനും അതേ ഗുണങ്ങൾ അനപേക്ഷണീയാമായി ട്ടുള്ളതാണ് (ഹലീമാ ബീവി:2011:192). സ്ത്രീ ശരീരത്തെ മഹത്വവത്കരി ച്ചുകൊണ്ട് അവരെ വിദ്യാഭ്യാസത്തിന്റെ പ്രധാന്യം മനസ്സിലാക്കുകയും ആധുനികതയെ ഒരു ലോകബോധമായി ഉൾച്ചേർക്കുകയുമാണവർ ചെയ്തത്. ആധുനികതയുടെ പരിമിതി ഇവിടെ മുന്നേറ്റത്തോടൊപ്പം കടന്നുവരുകയും ചെയ്തു.എന്നാൽ പർദ്ദയെക്കുറിച്ചുള്ള അവരുടെ ആശയം എത്രമാത്രം പുരോഗമനപരമാണെന്ന നോക്കു. ഷംഷാദ് ഹുസൈന്റെ പുസ്തകത്തിൽ ഇങ്ങനെ കാണാം. 'സ്ത്രീ-പുരുഷന്മാർ തമ്മിൽ കാണുന്നതോ, സംസാരിക്കുന്നതോ, പരസ്പരം കൊള്ളക്കൊ ടുക്കലുകൾ നടത്തുന്നതോ, പഠിക്കുന്നതോ, പഠിപ്പിക്കുന്നതോ ഇസ്ലാം തടയുന്നില്ല. എന്നുതന്നെയല്ല ഇസ്ലാം അവയെല്ലാം പ്രോത്സാഹനം നല്കുകയാണ് ചെയ്തിരിക്കുന്നത്. പക്ഷേ, സ്ത്രീകളും പുരുഷന്മാരും തമ്മിൽ ബന്ധപ്പെടുമ്പോൾ ഇരുകൂട്ടരും പാലിക്കേണ്ട ചില മര്യാദകൾ ഇസ്ലാം നിർദേശിക്കുന്നുണ്ട്. അവയ്ക്കാണ് ഇസ്ലാമിൽ പർദ്ദാ സമ്പ്രദായം എന്നു പറയുന്നത്. പർദ്ദയിൽ (53:2009) പൊതിഞ്ഞ മതശരീരങ്ങൾ എന്ന മുൻധാരണകളെ എന്നേ റദ്ദാക്കുന്ന ഇത്തരം നവോത്ഥാന ചിന്തകൾ.

നവോത്ഥാന പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും നവമുന്നേറ്റത്തിന്റെ തന്നെയും അടിസ്ഥാനമായി വസ്ത്രം പ്രവർത്തിച്ചതെങ്ങനെയാണെന്നത് കേരളനവോത്ഥാന ചരിത്രം പങ്കുവെച്ചിട്ടുണ്ട്. ചാന്നാർ കലാപം, മേൽമുണ്ട് സമരം, കല്ലുമാലസമരം എന്നിങ്ങനെ നീണ്ടുകിടക്കുന്ന എത്ര യെങ്കിലും ഉദാഹരണങ്ങൾ കാണാൻ കഴിയും. കേരള ചരിത്രത്തിൽ ആകെതന്നെ ജാതി/മതശരീരങ്ങളെന്ന നിലയിലാണ് മനുഷ്യശരീര ത്തെയാകമാനം കാണാൻ സാധിക്കുക. എന്നാൽ കേരളത്തിലെ മുസ്ലീം വിഭാഗങ്ങൾ പ്രത്യേകിച്ച് സ്ത്രീവിഭാഗങ്ങൾ മറ്റുജാതി മതങ്ങളിൽനിന്നും വ്യത്യസ്തരായി ആദ്യകാലം മുതല്ക്കേ 'കുപ്പായം' ധരിച്ചിരുന്നതായി ചരിത്ര ഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. യൂറോകേന്ദ്രിത സദാചാര ബോധം കേരളസമൂഹത്തിലും പ്രവർത്തിച്ചുതുടങ്ങിയതിന്റെ ഫലമാണ് വസ്ത്രമില്ലാത്ത ശരീരം അശ്ലീലമാകുന്നത് എന്നതുപോലെതന്നെയാണ്

ഉത്തരാധുനിക കാലത്ത് 9/11-ന ശേഷം വ്യാപകമായി പർദ ധരിച്ച ശരീരങ്ങൾ അസ്വാഭാവികമാകുന്നതും സാംസ്കാരിക ആക്രമണങ്ങൾ നേരിടുന്നതും.അപരിഷ്കൃതത്വത്തിന്റെ അധാര ഇടങ്ങളിലൊന്നായി പർദ്ദമാറുന്നതോടെ അത് ധരിച്ച ശരീരവും മാറ്റിനിർത്തപ്പെടേണ്ട ഒന്നാകുന്നു.

ഉപസംഹാരം

ഉഭയലൈംഗികതയുടെ ആധാര ഇടങ്ങളിലൊന്നായാണ് സമകാലിക മുസ്ലിം സ്ത്രീ വിഭാഗത്തെ വിലയിരുത്തുന്നത്. അത് ചില നിക്ഷിപ്തതാൽപര്യങ്ങളാണ്. അത് സാമൂഹികമോ, സാമ്പത്തികമോ, സാംസ്കാരികമോ, രാഷ്ട്രീയപരമോ, ആയ താത്പര്യങ്ങളാകാം. 'ആധുനിക' സമൂഹത്തോടൊപ്പം നിൽക്കാൻ കെൽപില്ലാത്ത, വസ്ത്രം കൊണ്ടു മൂടിയ ശരീരങ്ങൾ എന്ന നിലയ്ക്ക് ഈ വിഭാഗത്തെ സ്ഥിരപ്പെടു ത്തുകയെന്നത് എങ്ങനെയെല്ലാമോ നിർവഹിക്കപ്പെട്ടുവരുന്നു. പുറത്തു നിന്നുള്ള വീക്ഷണങ്ങൾ കൊണ്ട് അവയ്ക്ക് അസ്പൃശ്യത കൈവരുത്തുവാൻ ശ്രമിക്കുന്നതും തികച്ചും ബോധപൂർവമായി പടക്കുന്ന പ്രവൃത്തിതന്നെ യാണെന്നതിൽ സംശയമില്ല. മുസ്ലീം സ്ത്രീ ശരീരത്തിന്റെ വ്യവസ്ഥാ മാനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ഇനിയും നടക്കേണ്ടതായിട്ടാണിരിക്കു ന്നത്. പ്രത്യേകിച്ചും സമകാലിക സാമൂഹിക സന്ദർഭത്തിൽ.

ശരീരത്തിന്റെ സാംസ്കാരിക വായനകൾ ശരീരത്തെക്കുറിച്ച് നിർമിച്ചിട്ടുള്ള സ്ഥാപിതാർഥങ്ങളെ പൊളിച്ചെഴുതുകയും അതിന്റെ ചരിത്രപരമായ വഴികളിലേക്ക് വായനയെ തുറന്നിടുകയും ചെയ്യുന്നു. കേവലമായ ശരീരം എന്ന അർഥത്തിൽ മനസിലാക്കി വന്നതിൽ നിന്ന് വ്യത്യസ്തമായി ജാതി/മതശരീരം, ലിംഗശരീരം ദേശ രാഷ്ട്രീയ ശരീരം, സവർണ കീഴാള ശരീരം അധികാര വിധേയത്വശരീരം എന്നിങ്ങനെ എത്രയെങ്കിലും തരം ശരീരമുണ്ടെന്നത് വ്യക്തമാക്കുന്നു ഇത്തരത്തിലുള്ള സാംസ്കാരിക വായനകൾ. അങ്ങനെ തെളിഞ്ഞു വരുന്ന ശരീര പഠന ത്തിന്റെ മേഖലകളിലാണ് മെരുക്കപ്പെട്ട ശരീരങ്ങളെന്ന, ലൈംഗികാ ടിമത്തം പേറുന്ന വിധേയത്വ ശരീരങ്ങൾ എന്ന നിലയിൽ ഇസ്ലാമിലെ സ്ത്രീ വിഭാഗത്തെ കാണുന്നതിന്റെ അനൗചിത്യവും ചർച്ച ചെയ്യേണ്ടത്. അധികാരങ്ങൾക്ക് കീഴടങ്ങി നിൽക്കുന്ന 'വെറും ശരീര'ങ്ങൾ എന്ന വായനയിൽ നിന്നു വ്യത്യസ്തമായുള്ള ഒരു വായന ആവശ്യമാകുന്നതും ഈ സന്ദർഭത്തിലാണ്. ആധുനിക ലോകബോധത്തിൽ ഉൾപ്പെടാ തിരുന്ന ശരീരങ്ങൾ എന്ന നിലയ്ക്ക് കൂടിയുള്ള വായനകൾ ഇതിന്റെ

ഭാഗമാകുകയും സമകാലികമായി ഈ വിധത്തിലുള്ള പഠനങ്ങൾ ശ്രദ്ധനേടുകയും ചെയ്യുന്നു. അത്തരത്തിലൊരു സന്ദർഭത്തിലാണ് ഇസ്ലാമിലെ സ്ത്രീ ശരീരത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചുള്ള പഠനങ്ങളും കൂടുതൽ പ്രാധാന്യം നേടേണ്ടത്. അത് ഒരു തരത്തിൽ നിലവിലുള്ള സാമൂഹികതയോടുള്ള കലഹം കൂടിയായിത്തീരുന്നു. സാമൂഹികമായും സാംസ്കാരികമായും രാഷ്ട്രീയപരമായുമെല്ലാമുള്ള ഒട്ടേറെ മുൻവിധികൾ ഈ സമൂഹത്തോടടുക്കുമ്പോൾ നിർമിതമായ മുൻവിധിയുടെ ലോകത്ത് തുടരാൻ നിർബന്ധിതരാവുന്നു. അതിനെ മറികടന്നുകൊണ്ടൊരു സാമൂഹിക-ബൗദ്ധിക ജീവിതം അസാധ്യമായിത്തീരുകയും ചെയ്തേക്കാം.

സഹായക ഗ്രന്ഥങ്ങൾ

1. ദേവിക ജെ. (എ.ഡി.): 2011: കല്പനയുടെ മാറ്റൊലി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
2. സ്ത്രീ-പുരുഷഭേദവും ആദ്യകാല മലയാള സ്ത്രീരചനകളും (1898-1938).
3. ദേവിക ജെ.: 2011: കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം.
4. Andrew Edgar and:1999:Key Concepts inCultural theory:Routledge, London. Peter sedwick(Ed.)
5. Devika J:2007:Engendering individuals the Language of Reforming orient in Early Twentieth Century Keralam,: Orient longman India
6. ഷംഷാദ് ഹുസൈൻ: 2009:ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.
7. ഷംഷാദ് ഹുസൈൻ:2015: മുസ്ലീമും സ്ത്രീയും അല്ലാത്തവൾ, റെഡ് ചെറി ബുക്സ്, കോഴിക്കോട്.

**കുറിപ്പുകൾ**

1. More recently feminists and others/such as John Berger (1972) have placed the hued in a political context, in order to question the ascription of intrinsic aesthetic value to it, as part of the patriarchal or ideological structure of power in western culture. (Edgar Andrew:1999: key concepts in cultural theory).

2. The differentiating function of dress continued well in to the twentieth century with important additions. For example adoption of new modes of dress was a way in which westernized people could be identified from others. Wearing modern dress signified close contact with modern institutions equally, those who closely interacted with modern institutions ever obliged to wear such clothes.(Devika.j Engendering individuals:2007)